# SPEECH OF THE KHALIFATHULLAH

**Hazrat Munir Ahmad Azim (ATBA)**

**17 January 2017 / (17 Rabi'ul Aakhir 1438 AH)**

**Noorul Islam Masjid, Mathra, Kerala, India**

**ഹസ്രത് ഖലീഫത്തുല്ലാഹ് യുടെ ഇന്ത്യാ സന്ദർശന വേളയിൽ മാത്ര നൂറൽ ഇസ്ലാം മസ്ജിദിൽ എത്തിചേർന്നപ്പോൾ നടത്തിയ പ്രൗഢമായ**

**Zikr'ullah / ദൈവീക സ്മരണ : ഉപദേശം / Remembrance of Allah**

**പ്രിയ അനുചരന്മാരെ, സത്യാന്വേഷികളെ, സർവ്വശക്തനായ ദൈവത്തിന്റെ അനുഗ്രഹങ്ങളും സമാധാനവും നിങ്ങളിലേവരിലും ഉണ്ടാകട്ടെ !**

സർവ്വശക്തനായ ദൈവത്തെ സ്മരിക്കുന്നത് സംബന്ധമായി അല്ലാഹുവിൽ നിന്നും എനിക്ക് ലഭിച്ച വെളിപാടുകളിൽ ഒരെണ്ണം ഇന്ന് നിങ്ങളുടെ മുൻപാകെ അവതരിപ്പിക്കുവാനായി ഞാൻ തെരഞ്ഞെടുത്തിരിക്കുകയാണ്. (അറബിയിൽ ദൈവത്തിന്റെ വ്യക്തിപരമായ പേര് അല്ലാഹ് എന്നാകുന്നു. അതിന്റെ പദാർത്ഥം, പങ്കുകാരില്ലാത്തവൻ, സഹകാരി ഇല്ലാത്തവൻ എന്നാകുന്നു.) അവന്റെ നാമം പരിശുദ്ധമാണ്. അവൻ ഏറ്റവും വലിയ കഴിവുറ്റവനാകുന്നു, എല്ലാ സൃഷ്ടികൾക്കും മേലെയാകുന്നു അവൻ)

യാ ! അല്ലാഹ് ! നിന്റെ അനുഗ്രഹങ്ങൾ മുഹമ്മദ് (സ) യുടെ മേൽ ചൊരിയേണമെ ! അദ്ദേഹത്തിന്റെ കുടുംബത്തിന്റെ മേലും, അനുചരന്മാരുടെ മേലും ചൊരിയേണമെ ! അവരെ നീ എപ്പോഴും സമാധാനത്തിൽ നിലനിർത്തേണമെ! സർവ്വസ്തുതിയും അല്ലാഹുവിന് മാത്രമുള്ളതാകുന്നു ; അവനെ സ്മരിക്കുന്നതിലൂടെ അടഞ്ഞുപോയ ഹൃദയങ്ങൾ തുറക്കുന്നതാണ് ; അവന്റെ ചിന്തകളിലൂടെ അവന്റെ നാമം സ്മരിക്കുന്നതിലൂടെ (ഹൃദയം മെല്ലെ മെല്ലെ തുറക്കുന്നതാണ്)

സർവ്വശക്തനായ അല്ലാഹുവിനെ സ്മരിക്കുന്നതാണ്, ഭൂമുഖത്തു നിലനില്ക്കുന്ന ഏറ്റവും വലിയ കാര്യം !

തീർച്ചയായും സർവ്വശക്തനായ അല്ലാഹുവിനെ സ്മരിക്കുന്നതാണ് മോക്ഷമാർഗ്ഗത്തിന്റെ താക്കോൽ ! ഇതു തന്നെയാണ് പ്രകാശം ; അല്ലാഹുവിന്റെ അനുഗ്രഹത്താൽ ആത്മാവിനെ പ്രകാശഭരിതമാക്കുന്ന വിളക്ക് ! മഹാമനസ്ക്കതയുള്ള ഒന്ന് ! വിജയശ്രീലാളിതമാകുന്ന ഒന്ന് ! അല്ലാഹുവിലേക്ക് നയിക്കുന്ന പാതയുടെ അടിസ്ഥാനം, അല്ലാഹുവിനെ സ്മരിക്കുക എന്നതു തന്നെയാണ്. അല്ലാഹുവിന്റെ നിലനില്പ്, ബോധ്യമായിട്ടുള്ള, ബുദ്ധിമാൻമാരായ ആളുകൾ, മുറുകെ പിടിക്കുന്ന കേന്ദ്രഭ്രമണ കേന്ദ്രം ഇതുതന്നെയാണ്.

ദൈവ സ്മരണ പ്രതിനിധാനം ചെയ്യുന്നത് അജ്ഞതയിൽ നിന്നുള്ള മോചനമാണ് ; വിസ്മൃതിയിൽ നിന്നുള്ള മോചനമാണ്, ഉദാസീനതയിൽ നിന്നുള്ള മോചനമാണ്. യാഥാർത്ഥ്യത്തിന്റെ മുമ്പിൽ, സത്യത്തിന്റെ മുമ്പിൽ, നമ്മുടെ ഹൃദയസാന്നിധ്യം സദാ നിലനിർത്തുന്നതാണത്. ഈ ദിക്ക്റിനെ നമുക്ക് ഇങ്ങനെ വിവരിക്കാം. നാം ചിന്തിച്ചുകൊണ്ടിരിക്കുന്ന ഒന്നിന്റെ പേരിനെ സദാ ആവർത്തിച്ചു കൊണ്ടിരിക്കലാണത്. ഹൃദയം കൊണ്ടും നാവുകൊണ്ടും ! നാം അല്ലാഹുവിനെ തന്നെ ഓർത്തുകൊണ്ടിരിക്കുമ്പോഴെല്ലാം, അല്ലെങ്കിൽ അവന്റെ ഏതെങ്കിലും ഒരു ഗുണവിശേഷത്തിലൂടെ അവനെ സ്മരിച്ചുകൊണ്ടിരിക്കുമ്പോൾ, അഥവാ അവന്റെ വിസ്മയാവഹമായ ഒരു ഗുണവിശേഷത്തെ സ്മരിച്ചുകൊണ്ടിരിക്കുമ്പോൾ, അങ്ങനെയുള്ള ഏതെങ്കിലും ഒരു സ്മരണയിൽ ആയിരിക്കുമ്പോൾ, ഇവയെല്ലാം , അല്ലെങ്കിൽ ഇവിയിലേതെങ്കിലും ഒന്ന്, അല്ലെങ്കിൽ അവ, ദിക്റിന്റെ, ദൈവ സ്മരണയുടെ ഭാഗമായി മാറുന്നു. അല്ലാഹുവിനെ സ്മരിച്ചുകൊണ്ടിരിക്കുന്നത്, അല്ലാഹുവിനോടുള്ള പ്രാർത്ഥന രൂപമായി മാറുന്നതാണ്. അവന്റെ സന്ദേശങ്ങൾ സ്മരിച്ചുകൊണ്ടിരുക്കുന്ന രൂപത്തിലാകാം. അവന്റെ പ്രാവാചകന്മാരെ സ്മരിച്ചുകൊണ്ടിരിക്കുന്ന തരത്തിലാകാം, അവന്റെ സൂഫിവര്യന്മാരെ സ്മരിക്കുന്ന രൂപത്തിലാകാം, അഥവാ അല്ലാഹുമായി അഗാധമായ ബന്ധം പുലർത്തുന്ന ആളെക്കുറിച്ചുള്ള സ്മരണയുമാകാം. അതുമല്ലെങ്കിൽ അല്ലാഹുമായി ചേർന്നു നില്ക്കുന്നവരെക്കുറിച്ചുള്ള സ്മരണയാകാം. ഈ സ്മരണ ഒരു പ്രവർത്തിയുടെ രൂപത്തിലുമാകാം. അതായത് ഖുർ ആൻ പാരായണം ചെയ്യുന്നതും, ഒരു കവിത ആലപിക്കുന്നതും, അല്ലെങ്കിൽ ഒരു ചരിത്രസംഭവ പാരായണവുമാകാം അല്ലാഹുവിന്റെ മതവുമായി ബന്ധമുണ്ടായിരിക്കണമെന്നുമാത്രം !

ദിക്ർ എന്ന വാക്കിന്റെ വിപുലമായ വിശദീകരണം അനുസരിച്ച്, അനുബന്ധമായി നമുക്ക് പറയുവാൻ കഴിയും. ഒരു ദൈവശാസ്ത്രഞ്ജൻ, അതായത് ദൈവീക ജ്ഞാനങ്ങൾ നേടുന്നതിൽ തത്പരനായ ഒരു വ്യക്തി, ദൈവത്തെ അധികമധികയമായി സ്മരിക്കുന്ന ഒരു വ്യക്തി, അവൻ ഒരു മുസ്ലിം കർമ്മശാസ്ത്രനിപുണനാണ്; അവൻ ചെയ്യുന്ന എല്ലാ പ്രവർത്തനങ്ങളും, ദൈവ ചിന്തകളാൽ നിറയപെട്ടതായിരിക്കും. അവന്റെ (അല്ലാഹുവിന്റെ മഹാമനസ്ക്കത, അവന്റെ മഹത്വം, അവരിൽ പരിപൂർണ്ണ ശക്തി പ്രകടനം ഇവയെപറ്റി ഗാഢചിന്തനം നടത്തുവാൻ, അതുപോലെ തന്നെ ആകാശങ്ങളിലും, ഭൂമിയിലുമുള്ള അവന്റെ ദൃഷ്ടാന്തങ്ങളെ പറ്റിയും ഗാഢചിന്തനം നടത്തുന്നു; അവൻ അല്ലാഹുവിന്റെ ചിന്തകളാൽ നിറയപ്പെട്ടവനെപ്പോലെയാകുന്നു. അല്ലാഹുവിന്റെ കല്പനകളെകുറിച്ച് വിശ്വസ്തതയോടെ നിരീക്ഷണം നടത്തുന്നവൻ ; ദൈവീക നിർദ്ദേശത്താൽ നിരോധിതമായ കാര്യങ്ങളിൽ നിന്നും വിദൂരതയിൽ

വസിക്കുന്നവനുമായിരുക്കും. അവൻ അല്ലാഹുവിന്റെ പേരിനെ അവന്റെ ഹൃദയത്തിന് പ്രിയപ്പെട്ടതായി ചേർത്തുനിർത്തുകയും, അതേ തീഷ്ണ വികാരത്തോടെ അവനെ സ്മരിക്കുകയും അവന്റെ ഓരോ ശ്വാസനിശ്വാസങ്ങളിലും അത് നിഴലിക്കുകയും ചെയ്യുന്നതാണ്.

നാവുകൊണ്ടും, ഹൃദയംകൊണ്ടും, ശരീരത്തിന്റെ മറ്റു ഭാഗങ്ങൾ കൊണ്ടും, ഒരാൾക്ക് ദൈവ സ്മരണ നടത്താവുന്നതാണ്. അവന് രഹസ്യമായും പരസ്യമായും സ്വയം അതിൽ പ്രവേശിക്കാവുന്നതാണ്. എന്നാൽ ഒരാൾ തന്നിൽ എല്ലാ രീതിയിലുമുള്ള ദിക്റിൽ, ദൈവസ്മരണയിൽ പ്രവേശിക്കുമ്പോൾ, ദിക്റിനെ അതിന്റെ സമ്പൂർണ്ണതയിലേക്ക് നയിക്കുന്നു.

ദിക്റിനെ കുറിച്ച് നാവിന്റെ മാധ്യമത്തിലൂടെ, നാം സംസാരിക്കുമ്പോൾ നമുക്ക് അതിൽ നിന്നും മനസ്സിലാകുന്നത്, മന: സാന്നിധ്യമില്ലാതെ അല്ലാഹുവിന്റെ പേരുകളെ നാം ഉച്ചരിക്കുന്നു എന്നാണ്. ഇതിന് നമുക്ക് പുറമെയുള്ള സ്മരണ എന്ന് പേർ വിളിക്കാവുന്നതാണ്. ഖുർആൻ അനുസരിച്ചും, ഹദീസ് അനുസരിച്ചും, എന്റെ വ്യക്തിപരമായ അപഗ്രഥനത്തിലൂടെയും ഈ പുറമെയുള്ള സ്മരണയ്ക്ക് അങ്ങേയറ്റം പ്രാധ്യാന്യമുണ്ട്. ഇവയ്ക്ക് വളരെ വലിയ നിലയും വിലയുമുണ്ട്.

ദിക്ർ ദൈവസ്മരണയെ നമുക്ക് രണ്ടു വിഭാഗത്തിൽപ്പെടുത്താവുന്നതാണ്. സമയത്തിന്റെയും സ്ഥലത്തിന്റെയും അടിസ്ഥാനത്തിൽ പരിമിതപ്പെടുത്തി ദിക്ർ ചെയ്യുന്ന ഒരു വിഭാഗവും സമയത്തിന്റെയും സ്ഥലത്തിന്റെയും പരിമിതികളില്ലാത്ത നിലയിൽ ദൈവ സ്മരണ നടത്തുന്ന രണ്ടാമത്തെ വിഭാഗവും !

ഒന്നാമത്തെ വിഭാഗം സ്ഥലവും സമയവും പരിമിതിപ്പെടുത്തിയുള്ള ദിക്ക്റാണ്. അതിൽപെടുന്നതാണ് 5 നേരം നമസ്ക്കാരം, മക്കയിലേക്കുള്ള തീർത്ഥാടനം, നിദ്രയിലേക്ക് പോകുന്നതിനു മുൻപുള്ള ദിക്ക്ർ, നിദ്രയിൽ നിന്നും ഉണരുമ്പോഴുള്ള ദിക്ക്ർ, ഭക്ഷണത്തിന് മുൻപുള്ള ദിക്ക്ർ, വാഹനത്തിൽ കയറുമ്പോഴുള്ള ദിക്ക്ർ തുടങ്ങിയവ.

രണ്ടാം വിഭാഗത്തിൽപെടുന്ന ദിക്റുകൾ, അവ സമയത്താലും, സ്ഥലത്താലും പരിമിതപ്പെടുത്തിയിട്ടില്ലാത്ത ദിക്റുകളാണ് (അതായത് അത് നിങ്ങളുടെ ആത്മീയ അവസ്ഥയാണ്) അത്തരം ദിക്റുകളാണ് ദൈവസ്തൂതികീർത്തനങ്ങൾ ! അതായത് സുബ്ഹാനല്ലാഹ് ! (അല്ലാല്ലാഹുവിന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു) അൽഹംദുലില്ലാഹ് ! (സർവ്വസ്തുതിയും അല്ലാഹുവിന് മാത്രമുള്ളതാകുന്നു.) ലാ ഇലാഹ ഇല്ലല്ലാഹ് ! (അല്ലാഹു അല്ലാതെ മറ്റൊരു ആരാധ്യൻ വേറെയില്ല) അല്ലാഹു അക്ബർ (ഏറ്റവും വലിയവൻ അല്ലാഹു മാത്രമാകുന്നു) ലാ ഹൗല വലാ ഖുവ്വത്ത ഇല്ലാബില്ലാഹിൽ അലിയ്യിൽ അസീം (അല്ലാഹുവിലൂടെല്ലാതെ മറ്റൊരു അധികാരവും വേറെയില്ല)

ഈ വിഭാഗത്തിൽ, വിശുദ്ധഖുർ ആനിൽ പറയപ്പെട്ടിട്ടുള്ള പ്രാർത്ഥനകൾ ഉൾപ്പെടുത്താവുന്നതാണ് ; നബിയുടെ മേൽ സ്വലാത്ത് ചൊല്ലൽ, വ്യക്തിപരമായ പ്രാർത്ഥനകൾ എന്നിവയും ഉൾപ്പെടുത്താവുന്നതാണ്. ഈ രീതിയിലുള്ള ദിക്റുകൾ (ദൈവസ്മരണകൾ) ജനങ്ങളുടെ ഹൃദയങ്ങളിൽ വളരെ വലിയ സ്വാധീനം ചെലുത്തുന്നതാണ്. ഈ ആത്മീയ പാഠങ്ങളിലൂടെ, ഇവ ആചരിക്കുന്നതിലൂടെ, താൻ ആരോടാണോ പ്രാർത്ഥിക്കുന്നത് പ്രസ്തുത ആളുമായി കൂടുതൽ അടുപ്പം അനുഭവപ്പെടുന്നു. ഇത്തരം ദിക്റുകൾ അവരുടെ ഹൃദയങ്ങളിൽ കൂടുതൽ സ്വാധീനം ചെലുത്തുകയും ആദരണീയമായ ഒരവസ്ഥയിലേക്ക് അവരെ പ്രവേശിപ്പിക്കുകയും, ദൈവ ഭയത്താൽ അവരെ ബന്ധിതമാക്കുകയും ചെയ്യുന്നു.

മാത്രമല്ല രണ്ടാം വിഭാഗത്തിൽ നമുക്ക് ഇതുകൂടി ഉൾപ്പെടുത്തുവാൻ കഴിയുന്നതാണ്. അതായത് ആ അവസ്ഥയ്ക്ക് ജാഗ്രതാവസ്ഥ എന്ന് പറയാവുന്നതാണ്. വിവിധ സാഹചര്യങ്ങളിൽ, നമുക്കിത് ഇപ്രകാരം വിശദീകരിക്കുവാൻ കഴിയുന്നതാണ്. അതായത് ജാഗ്രതവസ്ഥയിൽ നാം ഉയർന്ന നിലവാരത്തിൽ യാഥാർത്ഥ്യങ്ങളിൽ ചിന്താധീനരാകുമ്പോൾ, അതായത് അല്ലാഹു എന്നോടൊപ്പമാണ്, അല്ലാഹു എന്നെ കണ്ടുകൊണ്ടിരിക്കുന്നു, അഥവാ അല്ലാഹു എന്നെ സൂക്ഷിച്ചുനോക്കിക്കൊണ്ടിരിക്കുന്നു.

സർവ്വശക്തനായ അല്ലാഹുവിന്റെ മുൻപിൽ നമ്മുടെ യഥാർത്ഥ സാന്നിദ്ധ്യം യാഥാർത്ഥമാകുന്നതിന് കൂടുതൽ ശക്തിപകരുന്നതാണ് ദിക്ർ. തീർച്ചയായും ദിക്ക്ർ അസാധാരണമായ ശക്തിപകരൽ തന്നെയാണ്. അല്ലാഹുവിന്റെ മുൻപിൽ നാം പ്രകടിപ്പിക്കേണ്ട അനുയോജ്യമായ സ്വാഭാവത്തെയും അവനിലനിർത്തി പോകുന്നതിനും സ്ഥാപിക്കുന്നതിനും ദിക്ർ അത്യന്താപേക്ഷിതമാണ്. അല്ലാഹുവിനെ വിസ്മരിക്കാതിരിക്കുവാൻ, ശക്തമായ സംരക്ഷണത്തിന്റെ അസാധാരണമായ വഴിയുമാണ് ദിക്ക്ർ. ദിക്ക്ർ നമ്മുടെ അലംഭാവത്തെ ഇല്ലായ്മ ചെയ്യുകയും ചെയ്യുന്നു. ഇത് തിന്മയ്ക്കെതിരിലുള്ള ഒരു അഭയ കേന്ദ്രവുമാണ് പ്രാർത്ഥനാവേളകളിൽ, അസാധാരണമായ നിലയിലുള്ള സഹായവും,, നമ്മുടെ മുഴുവൻ ശ്രദ്ധയും ഇക്കാര്യത്തിൽ കേന്ദ്രീകരിക്കുവാനും ദിക്ക്ർ നമ്മെ സഹായിക്കുന്നു.

ദിക്കിറിലൂടെ ഒരു നിശ്ചിത പ്രതിഫലം ലഭിക്കാത്ത അവസ്ഥയില്ല. കാരണം ദിക്ക്റുമായി അത് ബന്ധിതമാണ്. നിങ്ങൾ സ്വയം ഏതു രീതിയിലുള്ള ദിക്ക്റിൽ പ്രവേശിച്ചാലും, നിങ്ങൾക്ക് ഒരു താത്പര്യം, ഒരു ശക്തി, ചില പ്രത്യേക ഗുണങ്ങൾ ഇവ ലഭ്യമാകുന്നതാണ്. ജാഗ്രതാവസ്ഥയിൽ നിങ്ങൾ ദിക്ക്ർ ചെയ്താൽ, അതിന്റെ പ്രതിഫലമായി ഒരു പ്രകാശം നിങ്ങൾക്ക് ലഭിക്കുന്നതാണ്. നിങ്ങൾ ചെയ്യുന്ന ദിക്ക്ർ അതിന് പര്യാപ്തമായ നിലയിലായിരിക്കണം.

ദിക്ര്‍ എന്നത് ഒരു ആന്തരിക യാഥാര്‍ത്ഥ്യമാണ്. നാം ചിന്തിച്ചുകൊണ്ടിരിക്കുന്നവനില്‍ ; അഥവാ ഏതൊന്നില്‍ നാം ജാഗ്രതാവസ്ഥയില്‍ ആയിരിക്കുന്നുവോ, അതാണ്, അല്ലാഹു, അവന്‍ നമ്മുടെ ഹൃദയത്തിന്റെ ഉടമസ്ഥാവകാശിയായി മാറുന്നു, അതേ അവസ്ഥയില്‍, അതേസമയത്ത്, നാം ഈ ലോകത്തു നിന്നും പൂര്‍ണ്ണമായും ബന്ധമറ്റതായി അനുഭവിച്ചറിയുന്നു. നാം നിലനില്ക്കുന്നില്ല എന്ന് നാം അനുഭവിച്ചറിയുന്നു. അതായത് നമ്മുടെ നിലനില്പ് ഇല്ലാതായിരിക്കുന്നു എന്നു പറയുന്നതാണ് ശരി. ദിക്ക്റിന്റെ ആഴങ്ങളില്‍ ഹൃദയത്തില്‍ ഒരു വിത്ത് രൂപം കൊള്ളുന്നു, ആ വിത്ത് മൂന്ന് പുറംതോടുകളാല്‍ ആവരണം ചെയ്തിരിക്കുന്നു. ഒന്നിനു മുകളില്‍ മറ്റൊന്നായി! ഹൃദയം ഈ പുറം തോടുകള്‍ക്കുമപ്പുറമാണ്, എന്നാല്‍ പുറംതോടുകള്‍ പ്രധാനമാണ്. ഹൃദയുമായി ബന്ധപ്പെടുന്നതിന് മുന്‍പ് നിങ്ങള്‍ ഈ മൂന്നു പുറതോടുകള്‍ കടന്നുപോകേണ്ടതുണ്ട് !

നാവുകൊണ്ട് മാത്രമുള്ള ദിക്ക്ര്‍ പുറംന്തോടാണ്. ഏതൊരാള്‍ അവന്‍ സ്വയം ദിക്റില്‍ പ്രവേശിക്കുവാന്‍ ആഗ്രഹിക്കുന്നുവോ, അവന്‍ നാവ്കൊണ്ട് തീര്‍ച്ചയായും ആരംഭിക്കേണ്ടതാണ്, അതേ സമയം ആവശ്യമായ ശ്രമങ്ങള്‍ തുടരേണ്ടതാണ്, ഹൃദയവും സന്തോഷത്തോടെ, ഐക്യത്തോടെ ദിക്ക്റില്‍ പ്രവേശിക്കുന്നതിന് ! ദൈവസ്മരണയുടെ സാന്നിധ്യത്തിന് ഹൃദയം സാക്ഷിപ്പെടുത്തേണ്ടതുണ്ട്. നാം ഹൃദയത്തെ അതിന്റെ വഴിക്ക് വിട്ടാല്‍, അപ്പോള്‍ തീര്‍ച്ചയായും തെറ്റുസംഭവിക്കും, അത് ഭാവനാ ലോകത്തിലൂടെ വിഹരിക്കുന്നതാണ്. അതുകൊണ്ട് ദിക്ക്ര്‍ എല്ലാവിധ ചിന്തകളെയും പിന്തുടരേണ്ടതാണ്. ഒടുവില്‍ നാവ് പിന്തുടരുന്ന സംഗതികള്‍ ഹൃദയം ഏറ്റുപാടണം. ഇതു സംഭവിക്കുമ്പോള്‍, ഹൃദയത്തിന്റെ പ്രകാശം, എല്ലാവിധ ഇച്ഛകളെയും തിന്മകളെയും കരിച്ചുകളയുന്നതാണ്. കുറെശ്ശെയായി, ഹൃദയത്തിന്റെ ദിക്ക്ര്‍ പ്രബലമാവുകയും, മേധാവിത്വം സ്ഥാപിക്കുകയും നാവിന്റെ ദിക്റിനെ ബലഹീനമാക്കുകയും ചെയ്യുന്നതാണ്. ശരീരവും ആത്മാവും പ്രകാശത്താല്‍ നിറയപ്പെടും, ഹൃദയം ശുദ്ധീകരിക്കപ്പെടും, ദൈവീക ഉറവിടത്തില്‍ നിന്നല്ലത്തതെല്ലാം നിരാകരിക്കപ്പെടുകയും ചെയ്യുന്നതാണ്. ഈ പദവിയില്‍ നാം എത്തിച്ചേര്‍ന്നാല്‍, അവരിലുള്ള ദുഷ്പ്രേരകശക്തി ക്ഷയിക്കുകയും. തിന്മയ്ക്കും അവിടെ യാതൊരു വിധ സ്ഥാനവും ലഭിക്കാതാവുകയും ചെയ്യുന്നു. ഹൃദയം പരിവര്‍ത്തന വിധേയമാകുന്നു ; ദൈവീക ഉത്തേജനങ്ങളുടെ സ്വീകരണ കേന്ദ്രമായി മാറുന്നു. ഹൃദയം സംശുദ്ധമായ കണ്ണാടിപോലെ ആയിതീരുന്നു. ദൈവീക വെളിപാടുകളും അഗാധ ജ്ഞാനങ്ങളും അവിടെ പ്രതിബിംബിക്കുന്നു. ദൈവസ്മരണ (ദിക്ക്ര്‍) ഹൃദയത്തെയും മുഴുവന്‍ ശരീരത്തെയും കടന്നാക്രമിക്കുമ്പോള്‍ , അപ്പോള്‍ ശരീരത്തിന്റെ ഓരോഭാഗവും ദിക്ക്റില്‍ അലിഞ്ഞുചേരുന്നു. നിങ്ങള്‍ ആത്മീയതയുടെ ഏതവസ്ഥയിലാണോ ആ നിലവാരത്തിലായിരിക്കും നിങ്ങള്‍ !

ദിക്ക്ർ തീപോലയാണ്. അത് ഒരേ സ്ഥലത്ത് നില്ക്കുകയോ വ്യാപിക്കാതിരിക്കുകയും ചെയ്യില്ല. തീയ് ഒരു വീട്ടിൽ പ്രവേശിച്ചാൽ, അതു പറയും. ഇത് എന്റേതാണ്. ലാഇലാഹ ഇല്ലല്ലാഹ് (അല്ലാഹു അല്ലാത്ത മറ്റൊരു ദൈവവുമില്ല) എന്നതുപോലെയാണത് വൈക്കോലോ, തടിക്കഷണങ്ങളോ തീ കത്തിക്കാൻ പറ്റിയതുകാണുകയാണെങ്കിൽ, അത് കരിഞ്ഞുപോകുന്നതാണ് തീ ആളിക്കത്തുന്നതുമാണ്. അഗ്നി ഇരുട്ടിനെ കാണുകയാണെങ്കിൽ, ഇരുട്ട് പ്രകാശമായി മാറുന്നതാണ്. ദിക്ക്ർ പ്രകാശമാണ്, മുഴുവൻഭവനത്തെയും പ്രകാശമാനമാക്കുന്നതാണ്. വീട്ടിൽ മുൻപേ തന്നെ പ്രകാശമുണ്ടെങ്കിൽ, അപ്പോൾ ദിക്ക് ർ പ്രകാശത്തിനുമേൽ പ്രകാശമായി മാറുന്നതാണ്.

സാമ്യപ്പെടുത്തി പറയുകയാണെങ്കിൽ, ഇക്കാര്യത്തെ ഒരു ശരീരത്തോട് ഉപമിച്ച് വിശദീകരിക്കുവാൻ കഴിയും. നിരോധിത ആഹാരം കഴിച്ചതിലൂടെയോ, തീറ്റിയിലെ അച്ചടക്കമില്ലായ്മയുടെ അനന്തരഫലമായി ഉണ്ടായ, ശരീരത്തിലെ അഴുക്കുകളെ, അശുദ്ധതകളെ ദിക്ക്ർ നീക്കം ചെയ്യുന്നു. ദിക്ക്ർ ഹലാലയതിനെ ഹറാമാക്കുന്നില്ല. ദിക്ക്റിനാൽ പ്രതികൂല ഘടകങ്ങളെ നീക്കം ചെയ്യുമ്പോൾ, ശരീരത്തിന്റെ ഓരോ ഭാഗവും, ദിക്ക്റിൽ പങ്കുചേരുന്നു. (അതിന്റെ സമയം ആസന്നമായ നിലയിൽ)

ആദ്യമായി ദിക്ക്ർ സ്ഥാനം പിടിക്കുന്നത് മനസ്സിലാണ്. അങ്ങനെ ശരീരത്തിലെ ഈ ഭാഗത്തിന്റ ശബ്ദം നിങ്ങൾ അനുഭവിച്ചറിയുവാൻ തുടങ്ങുന്നു. കൈമണിയുടെയും കൊമ്പുവാദ്യത്തിന്റെയും ശബ്ദം പോലെ ! ദിക്ക്റിന് അതിന്റേതായ ഒരു ശക്തിയുണ്ട്. ദിക്ക്ർ ഒരു സ്ഥലത്ത് പ്രവേശിക്കുമ്പോൾ കൊമ്പുവാദ്യത്തെയും കൈമണിയേയും അത് ഉണർത്തുന്നു. സത്യമല്ലാത്ത എല്ലാത്തിനെയും അത് പ്രതിരോധിക്കുന്നു. ദിക്ക്ർ ഒരു സ്ഥലത്ത് സ്വയം സ്ഥാപിതമായാൽ, എല്ലാവിധ നിന്ദ്യമായതിനെയും പുറന്തള്ളുവാൻ അത് കഠിനമായി പരിശ്രമിക്കുന്നു. എല്ലാ പ്രതികൂല ശബ്ദങ്ങളെയും മാലിന്യങ്ങളെയും, തീ വെള്ളം കെടുത്തുന്നതുപോലെ, കെടുത്തിക്കളയുന്നു. ജലത്തിന്റെ കുത്തൊഴിക്കിലും മന്ദമാരുതന്റെ ശബ്ദവും, തീ ജ്വാലാ നാളവും, ഇലകളുടെ മർമരങ്ങളും കേൾക്കുവാൻ കഴിയുന്നതുപോലെ !

എല്ലാ മൂലാംശങ്ങളുടെയും സമ്മിശ്ര രൂപമാണ് മനുഷ്യൻ. അതിലാണ് ഈ അനുഭവങ്ങൾ എല്ലാം അവനിൽ കണ്ടെത്തുന്നത്. മേന്മയേറിയ ഘടകങ്ങളും നിന്ദ്യമായ ഘടകങ്ങളും അത്തരം മൂലാംശങ്ങളിൽ പെട്ടതാണ് ജലം, വായു, ആകാശം, ഭൂമി - ഈ ഉറവിടങ്ങളിൽ നിന്നെല്ലാം ശബ്ദങ്ങൾ വരുന്നു. (പ്രകൃതി) പ്രകൃതിയിലെ എല്ലാ അടിസ്ഥാന ഘടകങ്ങളിൽ നിന്നും അവയുടെ സത്തയെ വലിച്ചെടുക്കുന്നു. ഈ ശബ്ദങ്ങളിൽ നിന്നും എന്തെങ്കിലും കേൾക്കുന്നവൻ, അല്ലാഹുവിനെ സ്തുതിക്കുന്നു, അത് അവന്റെ നാവ്കൊണ്ട് പ്രഖ്യാപിക്കുന്നു. അല്ലാഹു പരിശുദ്ധനാണ് എന്ന് !

ശക്തമായ ഏകചിന്താനിരതത്വാലും, സമ്പൂർണ്ണ ആത്മവിശ്വാസത്താലുമാണവൻ അത് ചെയ്യുന്നത്. ഈ അവസ്ഥയിൽ എത്തിച്ചേരുമ്പോൾ, പ്രസ്തുത ദാസൻ തന്റെ നാവുകൊണ്ടുള്ള ദിക്ക്ർ അവസാനിപ്പിക്കുന്നു. പകരം അവന്റെ ഹൃദയം ദിക്ക്റിന്റെ സമ്പൂർണ്ണ ശ്രദ്ധപിടിച്ചെടുക്കുകയും ചെയ്യുന്നു ; ഒരു ഗർഭസ്ഥ ശിശു തന്റെ മാതാവിന്റെ ഗർഭാശയത്തിൽ ചലിക്കുന്നതുപോലെ !

അല്ലാഹുവിനോടും അവന്റെ ദൂതൻ ഹസ്രത് മുഹമ്മദ് (സ) നോടുമുളള നമ്മുടെ സ്നേഹത്തിന്റെ ധ്യാനകേന്ദ്രമാണ് ഹൃദയം. പ്രസ്തുത ഹൃദയത്തെ പരിപോഷിപ്പിക്കുന്ന സംശുദ്ധപാലാണ് ദിക്ക്ർ. ഹൃദയം വികസിക്കുമ്പോൾ ശക്തി പ്രാപിക്കുമ്പോൾ, സത്യം അറിയാനുള്ള ഒരു ഇച്ഛാശക്തി, സ്വയമേവ അതിൽ വളർന്നു വികസിക്കുവാൻ തുടങ്ങുന്നു. അപ്പോൾ ദിക്ക്റിലൂടെ ഇച്ഛാഭംഗങ്ങളും, ദൃഷ്ടന്താങ്ങളും, വ്യക്തമാകുന്നു. ഹൃദയം തേടിക്കൊണ്ടിരിക്കുന്ന അന്വേഷണം എന്താണെന്നും വ്യക്തമാകുന്നു. ഇത്തരം അവസ്ഥയിൽ, ലക്ഷ്യം, ഉദിഷ്ടസ്ഥലം, ഗമനരേഖ, അല്ലാഹുവിലാണെന്നും അവന്റെ എല്ലാ മഹത്വത്തിലുമാകുന്നു എന്നും അവനറിയുന്നു. ഹൃദയത്തിന്റെ ദിക്ക്ർ തേനീച്ചകളുടെ മൂളൽ പോലെ ആകുന്നു. അധികം ഉച്ചത്തിലുമല്ല, വളരെ പതുക്കെയുമല്ല. നാം ആരെയാണോ സ്മരിച്ചുകൊണ്ടിരിക്കുന്ന അവൻ (അതായത്, അല്ലാഹു) നമ്മുടെ ഹൃദയത്തിന്റെ ഉടമസ്ഥനായി മാറുന്നു. ദിക്ക്ർ അപ്രത്യക്ഷമാകുന്നു, ഏതൊരാളോണോ സ്വയം ദിക്ക്റിൽ ഇരിക്കുന്നത്, അവൻ ദിക്ക്റിനെയും അവന്റെ തന്നെ ഹൃദയത്തെയും പരിഗണിച്ചാൽ, അത് അവനെ ദിക്ക്റിന്റെ ലക്ഷ്യത്തിൽ നിന്നും വിദൂരത്താക്കും (അതായത് അല്ലാഹുവിൽ നിന്ന് വിദൂരത്താക്കും) ഇത് ഒരു മറ തീർക്കുന്നതാണ്, അല്ലാഹുവിനെ ദർശിക്കുന്നതിനുള്ള വഴിയിലെ ഒരു തടസ്സമായി മാറുന്നതാണ്.

ഞാനെന്ന ഭാവം ഇല്ലാതാകുന്ന അവസ്ഥ (ഫനാഅ്) അവൻ സ്വയം ഇല്ലാതാകുന്നു. (അല്ലാഹുവിൽ) അവൻ അവനെ സംബന്ധിച്ചുള്ളതെല്ലാം മറക്കുന്നു. അവന്റെ ദിക്ക്റിന്റെ ലക്ഷ്യത്തിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നു. തന്റെ ശരീരത്തെയും അവന്റെ പരിസരങ്ങളെയും അവൻ അനുഭവിച്ചറിയുന്നത് നിർത്തുന്നു. തന്റെ സൃഷ്ടാവിലേക്കുള്ള അവന്റെ യാത്രയിലെ ഒന്നാമത്തെ ശ്രേണിയിൽ ശ്രദ്ധകേന്ദ്രീകരിച്ചിരിക്കുന്നു. എന്നിട്ട്, അവൻ സ്വയം ചിന്താമഗ്നാകുന്നു. ഈ വഴിയിലെ ആരംഭം, സ്വയം ഉന്മൂലനം ചെയ്യുക എന്നതാണ് ഇതിലെ വഴി. ഇതാണ് ആ യാത്ര ! മറ്റൊരു രീതിയിൽ പറഞ്ഞാൽ, പരമോന്നതനായ അല്ലാഹുവിലേക്കുള്ള യാത്ര. മാർഗ്ഗദർശനം അതിനുശേഷമാണ് വരുന്നത് ! മാർഗ്ഗദർശനം എന്ന വാക്ക്കൊണ്ട് നാം അർത്ഥമാകുന്നത്. അല്ലാഹുവിൽ നിന്നുള്ള മാർഗ്ഗദർശനം, അല്ലാഹുവിന്റെ സുഹൃത്തായ (ഖലീലുല്ലാഹ്) ഇബ്രാഹീം (അ) വിശദീകരിച്ചതുപാലെ ഞാൻ എന്റെ രക്ഷിതാവിലേക്ക് പോകുന്നു. അവൻ എനിക്ക് മാർഗ്ഗദർശനം നല്കും (സൂറ : 37 വചനം 100)

ഏകചിന്താനിരതത്വം പൂർണ്ണതോതിൽ നിലനിർത്തിക്കൊണ്ടു പോവുക എന്നത് വളരെ അപൂർവ്വമായി മാത്രമെ സാധിക്കുകയുള്ളു. ഒരുവൻ സ്വയം ദിക്ക്റിൽ വ്യാപൃതനാവുകയാണെങ്കിൽ, അവന്റെ പ്രയ്തനങ്ങൾ നിരന്തരം തുടരുകയാണെങ്കിൽ, അവനിൽ ശക്തമായി ചേരുന്ന ഒരു സ്വഭാവം വളരുകയാണെങ്കിൽ, അവനിൽ ശക്തമായി വേരുന്നൂന്ന ഒരു സ്വഭാവം വളർത്തി എടുക്കുവാൻ സാധിക്കുന്നതാണ്. അങ്ങനെ അതിനെ ഒരു സ്ഥിരം അവസ്ഥയായി വികസിപ്പിക്കുവാൻ കഴിയും, അങ്ങനെ പ്രസ്തുത വ്യക്തിക്ക് ഉന്നത ലോകങ്ങളിലേക്ക് പറക്കുവാൻ സാധിക്കുന്നതാണ്. ഈ ഏകചിന്താനിരത്വ അവസ്ഥയിൽ അവനെ, സംശുദ്ധനായവനെ, യഥാർത്ഥമായവനെ (അതായത്, അല്ലാഹുവിനെ) ദർശിക്കുവാൻ കഴിയുന്നതാണ്. (അദൃശ്യലോകത്തിന്റെ യാഥാർത്ഥ്യങ്ങളും (അൽമലക്കൂത്ത്) അവന് അനുഭവിച്ചറിയുവാൻ സാധിക്കുന്നതാണ്. അതുപോലെ ദൈവീകയുടെ പരിശുദ്ധിയും അവന്റെ മുമ്പാകെ വെളിവാക്കപ്പെടുന്നതാണ്.

ദിക്ക്റിൽ ഏർപ്പെടുന്നവന് വെളിവാക്കപ്പെടുന്ന, ഈ സാമ്രാജ്യത്തിലെ, പ്രഥമ കാര്യം, മാലാഖമാരുടെ യാഥാർത്ഥ്യം, ജിന്നുകളുടെ യാഥാർത്ഥ്യം, പ്രവാചകന്മാരുടെയും പുണ്യവാളന്മാരുടെയും ആത്മാക്കളുടെ രഹസ്യം, ഇവയൊക്ക മനോഹര ദൃശ്യങ്ങളിലൂടെ, ഇവയിലൂടെ ചില സത്യങ്ങൾ, ചില യാഥാർത്ഥ്യങ്ങൾ അവനായി വെളിവാക്കപ്പെടുന്നതാണ്. ഇത് വെറും പ്രാരംഭം മാത്രമാണ്. അവനു ബോധ്യമാകുന്ന അളവ്, വളരെ പ്രധാനമാണ്. ഇത് എല്ലാ രൂപത്തിലും പ്രകൃത്യാ കടന്നുപോകേണ്ടതാണ്. എല്ലാകാര്യങ്ങളുടെയും, സത്യത്തിന്റെ സത്ത ഉൾക്കൊള്ളുവാൻ കഴിയുന്ന നിലവാരത്തിലെത്തുന്നതാണ്.

ദിക്ക്റിന്റെ സത്തയുടെ ഫലം, ചുരുക്കത്തിൽ, ഇങ്ങനെ വിവരിക്കാം. ഇതിന്റെ ആരംഭം നാവ് മാത്രം പരിഗണിക്കുന്നു ; അതേ തുടർന്ന് ഹൃദയം കൊണ്ടുള്ള ദിക്ക്റിലേക്ക് പ്രവേശിക്കുന്നു ; എന്നാൽ ഇത് കൂടുതൽ അധ്വാനം ആവശ്യമുള്ള മേഖലയാണ്. തുടർന്ന് ഹൃദയം കൊണ്ടുള്ള ദിക്ക്ർ പ്രകൃത്യാ ഉണ്ടാകുന്നു. (അധ്വാനമില്ലാതെ) ; തുടർന്ന് ഹൃദത്തിന്റെ ഉടമസ്ഥനായി അല്ലാഹു മാറുന്നു. തുടർന്ന്, ഏതൊരാളാണോ ദിക്ക്റിൽ ഏർപ്പെട്ടിരിക്കുന്നത്, അയാൾ, സമ്പൂർണ്ണ ഉന്മൂലനാവസ്ഥ പ്രാപിക്കുന്നു. പരിശുദ്ധ പ്രവാചകൻ (സ) യുടെ ഹദീസിൽ കണ്ടെത്തിയിരിക്കുന്ന രഹസ്യം ഇതാണ്. അദ്ദേഹം പറയുന്നു. സ്വർഗ്ഗീയാരാമങ്ങളിലെ ആഘോഷങ്ങളിൽ പങ്കെടുക്കുവാൻ ഇച്ഛിക്കുന്നവർ, അല്ലാഹുവിനെ തുടരത്തുടരെ നിശ്ചയമായും സ്മരിച്ചുകൊണ്ടിരിക്കേണ്ടതാണ്. മറ്റൊരു പ്രവാചക വചനത്തിൽ പറയുന്നു. രഹസ്യമായി ചെയ്യുന്ന ദിക്ക്ർ അത് മറഞ്ഞതാണ്. മാലാഖമാർ കേൾക്കുന്ന ദിക്ക്റിനെക്കാൾ എഴുപത് മടങ്ങ് മേന്മയുള്ളതാണത്.

ദിക്ക്ർ ചെയ്യുന്നവ്യക്തി, തന്റെ ദിക്ക്റിലൂടെ, ഇല്ലാതാകുന്നതിലൂടെയാണ്, മനുഷ്യന്റെ ആന്തരിക രഹസ്യങ്ങളുടെ അഗാധതയിലേക്ക് എത്തിച്ചേർന്നിരിക്കുന്നു എന്ന്

സൂചിപ്പിക്കുന്ന അടയാളം. ദൈവ സ്മരണയിലൂടെ പരമമായ ആന്തരികാവസ്ഥ പരമാനന്ദത്തിലായി തീരുന്നു. സമ്പൂർണ്ണ നിർവൃതിയിൽ മുങ്ങിത്താഴുകയാണ്. ഇതിന്റെ അടയാളങ്ങളിൽപ്പെട്ടതാണ്, ഒരാൾ, താൻ, തന്റെ ദിക്ക്ർ വേണ്ട എന്നുവെച്ചാൽ, ദിക്ക്ർ അവനെ കയ്യൊഴിയില്ല, ദിക്ക്ർ അവനെ പിന്തുടരുന്നതാണ്. ഈ അവസ്ഥയെ ദിക്ക്റിന്റെ പരമോന്നതാവസ്ഥ എന്ന് പറയാവുന്നതാണ്. അവന്റെ ഉള്ളിൽ, ഈ വ്യക്തി അത് അനുഭവിച്ചുകൊണ്ടിരിക്കുകയാണ്.സത്യമായുള്ളവന്റെ സാന്നിധ്യം അവൻ അനുഭവിച്ചറിഞ്ഞു കൊണ്ടിരിക്കുന്നതിനാൽ, അലംഭാവമോ യാഥാർത്ഥ്യമില്ലായ്മയോ അവനെ തത് അവസ്ഥയിൽ നിന്നും നീക്കം ചെയ്യുന്നില്ല. മറ്റൊരു അടയാളം നിങ്ങളുടെ ശരീരവും മനസ്സും ചങ്ങലകളാൽ ബന്ധിക്കപ്പെട്ടിരിക്കുന്നു എന്ന് നിങ്ങൾ അനുഭവിച്ചറിഞ്ഞുകൊണ്ടിരിക്കുന്നു. അതു മാത്രമല്ല, ഇതിന്റെ ജ്വാല ഒരിക്കലും കെട്ടടങ്ങുന്നതല്ല. ആത്മീയ പ്രകാശം ഒരിക്കലും ക്ഷയിക്കുന്നുമില്ല. എല്ലായ്പ്പോഴും ദൈവീക പ്രകാശോദയത്തിന് നിങ്ങൾ സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുന്നു. മറ്റു പ്രകാശങ്ങളൊക്കെ മങ്ങിപ്പോകുന്നതായും കാണുന്നു. അതുപോലെ തന്നെ നിങ്ങൾക്കു ചുറ്റും പരിശുദ്ധവും പരിപാപനവുമായ ഒരഗ്നി ചൂട് നിങ്ങൾ സദാ അനുഭവിച്ചറിയുന്നു. ഒരു വ്യക്തിയുടെ ജീവന്റെ പാരമ്യതയിലേക്ക് ദിക്ക്ർ എത്തുമ്പോൾ ആ സമയം ഈ ദിക്ക്ർ നാവിനെതുളച്ചുകയറുന്ന ഒരു സൂചിപ്പോലെ ആയിതീരുന്നു. അപ്പോൾ അതിശക്തമായി നിലനില്ക്കുന്ന പ്രകാശമായി വ്യാപിക്കുന്നതായി അവൻ അനുഭവിച്ചറിയുവാൻ തുടങ്ങുന്നു.

## ദൈവസ്മരണയും 3 രീതിയിലുള്ള ആത്മാക്കളും – ആത്മാക്കൾ മൂന്ന് തരമുണ്ട്

1. അന്നഫ്സുൽ അമ്മാറ : ബിസ്സൂഅ് ദോഷം ചെയ്യാൻ പ്രേരിപ്പിക്കുന്ന ആത്മാവ്
2. അന്നഫ്സുൽ ലവ്വാമ : സ്വയം കുറ്റപെടുത്തുന്ന ആത്മാവ്
3. അന്നഫ്സുൽ മുത്മഇന്ന : ശാന്തി പ്രാപിച്ച ആത്മാവ്

### 1. അന്നഫ്സുൽ അമ്മാറ : ബിസ്സൂഅ് : ദോഷം ചെയ്യാൻ പ്രേരിപ്പിക്കുന്ന ആത്മാവ്

തെറ്റു ചെയ്യുവാൻ പ്രേരിപ്പിക്കുന്ന ആത്മാവ്, അത് അവന്റെ ശാരീരിക ഇച്ഛകൾ പൂർത്തീകരിക്കുവാൻ മാത്രം പ്രേരിപ്പിക്കുന്നു. ഇക്കാരണത്താൽ ഹൃദയം, തിന്മയും, അധാർമ്മികതയും, മോശ പ്രവർത്തിയും കൊണ്ട് നിറയുന്നു. അങ്ങനെ ഹൃദയത്തെ അപമാനപ്പെടുത്തുന്നു. മനുഷ്യരിൽ ബഹുഭൂരിഭാഗത്തിന്റെ അവസ്ഥ ഇതാകുന്നു. ഈ ആത്മാവ് വിജ്ഞാനവിരോധ ചിന്താഗതിയാൽ നിറഞ്ഞിരിക്കുന്നു. ഇക്കാരണത്താൽ, ദിക്ക്ർ പ്രകാശം നല്കുന്ന ഒരു വിളക്കിനെ പ്രതിനിധീകരിക്കുന്നു. ദൈവീക പ്രകാശത്താൽ അതിനെ നിറയ്ക്കുവാൻ തയ്യാറാണ്. എന്നാൽ അതിനെ ഒരു വശത്തേക്ക് തള്ളിയിട്ടിരിക്കുകയാണ്, ആയതിനാൽ അത്ഘോരമായ അന്ധകാരത്തിലായിരിക്കുന്നു.

## 2. അന്നഫ്സൂൽ ലവ്വാമ : സ്വയം കുറ്റപ്പെടുത്തുന്ന ആത്മാവ് : -

ഹൃദയ പ്രകാശത്താൽ പ്രകാശമാനമായിതീർന്ന ആത്മാവാണിത്. ബോധവും മറവിയും ഇടകലർന്ന അവസ്ഥയാണിത്. സ്വയം സംരക്ഷിത ആത്മീയാവസ്ഥായ്ക്കു ശ്രമിക്കുന്നു. അല്ലാഹുവിനും അവന്റെ സൃഷ്ടിക്കുമിടയിൽ ചാഞ്ചാടിക്കൊണ്ടിരിക്കുന്നു. ആത്മാവിലേക്ക് മോശം പ്രവണതകൾ വരുമ്പോഴെല്ലാം, അത് അതിനെ സ്വയം കുറ്റപ്പെടുത്തുന്നു. അന്ധകാരമായ അതിന്റെ പ്രകൃതിമൂലമാണത്. ജാഗ്രതയിലായിരിക്കുക എന്ന ദൈവീക പ്രകാശം അതിലേക്ക് നയിക്കുകയും ചെയ്യുന്നു. ഇത്തരം ആത്മാവ് ഖേദം പ്രകടിപ്പിക്കുകയും, തെറ്റുകളിൽ പശ്ചാത്തപിക്കുകയും, അല്ലാഹുവിനോട് പാപമോചനത്തിനായി യാചിക്കുകയും ചെയ്യുന്നു, കരുണാവാരിധിയും, കരുണാമയനുമായവന്റെ (അല്ലാഹുവിന്റെ) വാതിലിന്റെ മുൻപിൽ അതു കാത്തുകിടക്കുന്നു. ഇക്കാരണത്താൽ, ഇതിനെ അല്ലാഹു ആദരിക്കുന്നു ; ഇതു സംബന്ധമായി അവൻ പറയുന്നു.

ചെയ്തുപോയ കുറ്റത്തേയും ദുഷ്കൃതിയേയും കുറിച്ച് സ്വയം ശാസിക്കുന്ന ആത്മാവിനെ കൊണ്ട് ഞാൻ സത്യം ചെയ്യുന്നു. 75 : 3 ഇപ്രകാരം നഫ്സ് ലവ്വമാ ഇച്ഛാധീനതയെ വെറുക്കുകും കുറ്റങ്ങളെയും കുറവുകളെയും കുറിച്ച് സ്വയം ശാസിക്കുകയും ചെയ്യുന്നുവെങ്കിലും അത് ഇച്ഛകളെ പൂർണ്ണമായും നിയന്ത്രിക്കുന്നതിനോ സൽകൃത്യം മാത്രം ചെയ്യാൻ പ്രേരിപ്പിക്കുന്നതിനോ പര്യാപ്തമാകുന്നില്ല. ചിലപ്പോൾ ശരീരേച്ഛകൾ മികച്ചു നില്ക്കുന്നതിനാൽ അടിപിഴച്ചു അതു കുറ്റം ചെയ്തു പോകുന്നു. ഈ അവസ്ഥയിലുള്ള ആത്മാവ് അതിനുപറ്റുന്ന മാർഗ്ഗഭ്രംശത്തിൽ പറ്റി നില്ക്കാതെ ഓരോ വീഴ്ച്ചയ്ക്കുശേഷവും പശ്ചാത്തപിച്ചു കൊണ്ടിരിക്കുന്നതാണ്. അങ്ങനെ ആത്മാവ് സമാധാന സ്വീകരണ അവസ്ഥയ്ക്ക് സമീപമെത്തുകയും, അതിന്റെ ഭവനത്തെ മനോഹരമായ നിലയിൽ അലങ്കരിച്ചു വൃത്തിയാക്കുവാൻ ശ്രമം തുടരുന്നു. ഒടുവിൽ ഒരു പ്രത്യേക പ്രകാശത്താൽ പ്രസ്തുത ഭവനം പ്രകാശപൂരിതമാകുന്നു. അങ്ങനെ അത് ഒരു യഥാർത്ഥ ഭവനമായി മാറുന്നു. അത്തരം ആത്മവിൽ പരമോന്നതനായ രക്ഷകൻ ഇറങ്ങുകയും, അതിലൂടെ പരമമായ സത്യം വെളിവാക്കപ്പെടുകയും അങ്ങനെ ഒരു ഏകീകൃത ആത്മാവിന് പിറവി ഉണ്ടാവുകയും (സൃഷ്ടാവും സൃഷ്ടിയും തമ്മിലുള്ള ദ്വിത്വം അപ്രത്യക്ഷമാകുന്നു) അങ്ങനെ ആത്മാവ് പരമമായ സമാധാനം കണ്ടെത്തുകയും ചെയ്യുന്നു.

## 3. അന്നഫ്സുൽ മുത്മഇന്ന : സമാധാനം പ്രാപിച്ച ആത്മാവ്

ഈ പുരോഗമന ഘട്ടത്തിൽ ആത്മാവ് എല്ലാവിധ അഴുക്കുകളിൽ നിന്നും മുക്തമാവുകയും ആത്മീയ ശക്തി പ്രകടന കേന്ദ്രമായി തീരുകയും ചെയ്യുന്നു. അപ്പോൾ അല്ലാഹുമായി അഭേദ്യമായ ഒരു ബന്ധം ഉണ്ടാവുകയും അവനെ കൂടാതെ ജീവിക്കുവാൻ സാധ്യമ

ല്ലാതായി തീരുകയും ചെയ്യുന്നു. ആത്മാവ് സമ്പൂർണ്ണമായി ഹൃദയത്തിന്റെ നേരെ തിരിയുകയും, സത്ഗുണങ്ങളാൽ അത് ഭരിതമാവുകയും പരിശുദ്ധ ലോകത്തിലേക്ക് കരേറുകയും, എല്ലാവിധ അശുദ്ധതകളിൽ നിന്നും മുക്തമാവുകയും ചെയ്യുന്നു. അത്തരം അവസ്ഥയിൽ ആത്മാവ് സമ്പൂർണ്ണമായും ദൈവത്തിന്റെ അനുസരണയിലായിരിക്കും, ശാന്തിയിലും സംതൃപ്തിയിലും ! ഈ പദവിലുയർത്തിയവന്റെ സാന്നിധ്യത്തിൽ ആയിരിക്കെ രക്ഷകൻ അതിനോട് അഭിസംബോധന ചെയ്യുന്നു. ദൈവീകാനുഗ്രഹത്താൽ, ശാന്തി പ്രാപിച്ച ആത്മാവേ ! നിന്റെ രക്ഷിതാവിലേക്ക് നീ അവനിൽ സംതൃപ്തനായും, അവൻ നിന്നിൽ സംതൃപ്തനായുള്ള സ്ഥിതിയിൽ മടങ്ങിച്ചെല്ലുക, എന്റെ ഭക്തദാസരുടെ കൂട്ടത്തിൽ ചേരുകയും എന്റെ ആരാമമാകുന്ന സ്വർഗ്ഗത്തിൽ പ്രവേശിക്കുകയും ചെയ്യുക (89 : 28-31)

ദൈവസ്മരണയുടെ രംഗങ്ങൾ ഇവയൊക്കെയാണ് ; ആത്മാവിന്റെ രംഗങ്ങളും ഇവ തന്നെ. ഈ രംഗങ്ങളിലൂടെ കടന്നുപോകുമ്പോൾ നിങ്ങൾ ഓരോരുത്തരും കഠിനമായി യത്നിക്കേണ്ടതാണ്. അങ്ങനെ ആയാൽ, നിങ്ങൾക്ക് അത്യുന്നതമായ രംഗത്ത് എന്നിച്ചേരുവാൻ സാധിക്കും. ഈ ദൈവീക ദൃഷ്ടാന്ത നൂറ്റാണ്ടിൽ, നിങ്ങൾക്കതു നേടിയെടുക്കുവാൻ സാധിക്കുന്നതാണ്. നിങ്ങൾ ഓരോരുത്തരും പ്രകാശവാഹകരാകുന്നു ; ദൈവദൂതന്റെ ആഗമനത്തോടെ, അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളുടെ സുവാർത്താവാഹകർ ! അല്ലാഹുമായി യഥാർത്ഥത്തിൽ ബന്ധപ്പെടുവാൻ ആഗ്രഹിക്കുന്നവർ, എന്റെ ഈ ഉപദേശം, നിശ്ചയമായും കൈകൊള്ളേണ്ടതാണ്. നിശ്ചിത രൂപത്തിൽ, ശരിയായ നിലയിൽ, ദൈവസ്മരണ അവർ തുടരട്ടെ! അപ്പോൾ അവന്റെ മുമ്പിൽ മറയപ്പെട്ട ലോകം അവൻ എത്തിപ്പിടിക്കും ; കുറെശ്ശെയായി, അല്ലാഹു (ത) അവന് അനുവദിച്ച പ്രകാരം ! ദിക്ക്റിന്റെ (ദൈവസ്മരണയുടെ) സൗന്ദര്യം അവൻ കണ്ടെത്തുന്നതാണ് ; അല്ലാഹുവിന്റെ സാമീപ്യവും അവനറിയും. ഇപ്രകാരം ചെയ്യുവാൻ അല്ലാഹു (ത) നിങ്ങളെ പ്രാപ്തമാക്കട്ടെ, അവനെ സ്മരിക്കുന്നതിനുള്ള പരിശീലനം പൂർണ്ണനിലയിൽ ഉൾക്കൊള്ളുവാൻ കഴിയട്ടെ ! അവനിലേക്ക് നയിക്കുന്ന നിങ്ങളുടെ വഴി പ്രകാശഭരിതമാകട്ടെ ! ഇൻശാഅല്ലാഹ് ! ആമീൻ.

**Translated by:**
**R. Jamaludin Raother**
**Amir Jamaat Ul Sahih Al Islam**
**South Zone, Kerala,**
**Ph: 9447001832, 0475-2220223**
**E-mail: jamal.raother@gmail.com**
**Web: www.jamaat-ul-sahih-al-islam**